


**(ശ്രീ വാസുദേവ് പുളിക്കലിൻെറ "വിചാരധാരകൾ" എന്ന പുസ്തകം ഫെബ്രുവരി 15നു കെ.സി. എ.എൻ. എ സെൻററിൽ (ബ്രഡോക്ക് അവന്യു) വച്ചു പ്രകാശനം ചെയ്യുകയുണ്ടായി. )**

**അവതാരിക**

# പ്രവാസതീരത്ത് ഒരു ഭാഷാസ്നേഹി

**സുധീർ പണിക്കവീട്ടിൽ**

അമേരിക്കൻ മലയാളിയായ ശ്രീ വാസുദേവ് പുളിക്കലിൻെറ മൂന്നാമത്തെ പുസ്തകമാണിത്. ഇതിനു മുമ്പ് അദ്ദേഹം രണ്ടു കവിതാസമാഹാരങ്ങൾ പ്രസിദ്ധീകരിച്ചിരുന്നു. ഈ

പുസ്തകത്തിൽ അദ്ദേഹത്തിൻെറ നാൽപ്പത്തിയഞ്ച് ലേഖനങ്ങളും, ഇരുപത്തിയാറ് നിരൂപണങ്ങളുമാണു ഉള്ളടക്കം ചെയ്തിരിക്കുന്നത്. നാലു പതിറ്റാണ്ടിലേറെ കാലം അമേരിക്കയിൽ സ്ഥിരതാമസമാക്കിയിട്ടും മലയാളഭാഷയെ ഇന്നും സ്നേഹിച്ചുകൊണ്ടിരിക്കുന്ന അദ്ദേഹം അമേരിക്കൻ മലയാളസാഹിത്യമെന്ന ശാഖയുടെ വളർച്ചയ്ക്കുവേണ്ടി നിരവധി സംഭാവനകൾ ചെയ്തിട്ടുണ്ട്. കലോപാസകനായ ശ്രീ വാസുദേവ് പുളിക്കൽ കലയേയും സാഹിത്യത്തേയും കുറിച്ചുള്ള തൻെറ ബൗദ്ധികവും സ്വതന്ത്രപരവുമായ വീക്ഷണങ്ങൾ രാഷ്ട്രീയഛായ നൽകാതെ ലേഖനങ്ങളിലൂടെയും, നിരൂപണങ്ങളിലൂടെയും ആകർഷകമായി അവതരിപ്പിച്ചിട്ടുണ്ട്.

മാനവരാശിയുടെ പുരോഗതിയും ക്ഷേമവും അദ്ദേഹം ലക്ഷ്യം വയ്ക്കുന്നു. ഗീതയും, ഉപനിഷത്തും, ഇതിഹാസങ്ങളും, ഹരിനാമകീർത്തനവും, ജ്ഞാനപ്പാനയുമെല്ലാം ശ്രീ വാസുദേവ് വിഷയമാക്കുന്നു. നിരൂപകൻ ലേഖകൻ എന്നതിലുപരി ഇദ്ദേഹം കവിതകൾ, അദ്ധ്യാത്മിക ലോകത്തുനിന്നും കണ്ടെടുക്കുന്ന മുത്തുകൾ, യുവതലമുറയുമായ അഭിമുഖങ്ങൾ എന്നിവയിലും തൻെറ സാന്നിദ്ധ്യം ഉറപ്പിച്ചിട്ടുണ്ട്. ലേഖനങ്ങളും, നിരൂപണങ്ങളും എഴുതാനുള്ള ശ്രീ വാസുദേവിൻെറ നൈപുണ്യം ഈ പുസ്തകത്തിലെ രചനകളിൽ പ്രകടമാണു.

ഗുരുദേവസംഹിതകളും ക്രുതികളും വായിച്ച് അവയെല്ലാം വായനക്കാർക്കാർക്ക് വേണ്ടി സരളമായി പുനരാഖ്യാനം ചെയ്യുകയും വേദികളിൽ പ്രസംഗിക്കുകയും ചെയ്യുന്നത് വ്രുതംപോലെ ഇദ്ദേഹം അനുഷ്ഠിച്ചുകൊണ്ടിരിക്കുന്നുണ്ടു. ആർഷഭാരതസംസ്കാരം ലോകത്തിനു നൽകിയ ദർശനങ്ങൾ ഉൾക്കൊള്ളുന്ന രചനകളിലൂടെ അദ്ദേഹം അമേരിക്കൻ മലയാളികൾക്ക് മതപരവും സാംസ്കാരികവുമായ അറിവിൻെറ ഒരു വാതായനം തുറന്നിടുകയാണ്. ഇത്തരം ലേഖനങ്ങൾ വിദേശത്ത് കുടിയേറിപാർക്കുന്ന ഒരു വിഭാഗം മലയാളികളിൽ മതസൗഹാർദ്ദം വളർത്താനും അവരിൽ സാഹോദര്യം എന്ന ഭാവം ഉറപ്പിക്കാനും സഹായകമാകുന്നു. ജന്മനാടുമായ് വിട്ടുനിൽക്കുന്ന കാലത്തിനു ദൈർഘ്യമേറുമ്പോൾ സാധാരണമനുഷ്യർ മറന്നുപോകുന്ന വിഷയങ്ങൾ നിരന്തരം എഴുതി അവരെ നാടുമായി ബന്ധിപ്പിച്ചു നിർത്താനും ഈ രചനകൾക്ക് കഴിവുണ്ട്. ശ്രീ വാസുദേവ് ഉന്നംവയ്ക്കുന്ന ലക്ഷ്യവും അതുതന്നെ. പിറന്നനാടിൻെറ ഓർമ്മകൾ കൈവിടാതെ അതേസമയം അവിടത്തെ അനാവശ്യവും കാലഹരണപ്പെട്ടതുമായ ആചാരങ്ങൾ കുടിയേറ്റഭൂമിയിലേക്ക് ഇറക്കുമതി ചെയ്തു ജീവിതം ദുസ്സഹമാക്കുകയും ചെയ്യരുതെന്ന സൂചനകൾ കൂടി അദ്ദേഹം നൽകുന്നു.

വിജ്ഞാനത്തിൻെറ ഒരു സഞ്ചി കയ്യിൽ പിടിക്കുമ്പോഴും ഒട്ടും അഹങ്കരമില്ലാതെ സ്വതസിദ്ധമായ സൗമ്യതയും ശാന്തതയും എപ്പോഴും അദ്ദേഹം സൂക്ഷിക്കുന്നു. ഗുരുവിനെപോലെ "ജാതിഭേദം മതദ്വേഷം ഏതുമില്ലാതെ സർവ്വരും സോദരത്വേന" ഇവിടെ എല്ലാവരും വാഴണമെന്ന ആത്മാർത്ഥമായ അദേഹത്തിൻെറ ആഗ്രഹം രചനകളിലെല്ലാം വ്യക്തമാണ്.

അമേരിക്കയിലെ കലാ–സാമൂഹ്യ–സാംസ്കാരിക മേഖലകളിൽ തൻേറതായ ഒരു കയ്യൊപ്പു പതിപ്പിക്കാൻ ഇദ്ദേഹത്തിനു കഴിഞ്ഞിട്ടുണ്ടെന്നു ഈ പുസ്തകത്തിൻെറ ഉള്ളടക്കം നമ്മെ ബോദ്ധ്യപ്പെടുത്തുന്നു. അമേരിക്കയിൽ മലയാളഭാഷയുടെ വളർച്ചയും പുരോഗതിയും ലക്ഷ്യമാക്കി അദ്ദേഹം ധാരാളം ലേഖനങ്ങൾ എഴുതുകയും ഇവിടത്തെ പത്രമാസികകളിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. അവയിൽനിന്ന് തിരഞ്ഞെടുത്ത ക്രുതികളാണു അദ്ദേഹം ഈ പുസ്തകത്തിലൂടെ വായനക്കാർക്ക് എത്തിക്കുന്നത്. നാട്ടിലേയും ഇവിടത്തേയും ആനുകാലിക വിഷയങ്ങൾ സുസൂക്ഷ്മം നിരീക്ഷിക്കുകയും അവയെ സശ്രദ്ധം അപഗ്രഥിച്ച് വായനകാരുടെ അറിവിലേക്കായി എഴുതുകയും ചെയ്യുന്നതിൽ അദ്ദേഹം വിജയിച്ചിട്ടുണ്ട്. സമൂഹത്തിൽ മാറ്റങ്ങൾ ഉണ്ടാകേണ്ട അവസ്ഥകൾ ആനുകാലിക സംഭവങ്ങളുമായി ബന്ധിപ്പിച്ച് സുതാര്യമായി അദ്ദേഹം അവതരിപ്പിക്കുന്നു. സാഹിത്യകാരനു സമൂഹത്തോട് പ്രതിബദ്ധതയുണ്ടായിരിക്കണമെന്നു വിശ്വസിക്കുന്ന എഴുത്തുകാരനാണ് ശ്രീ വാസുദേവ്. പ്രതിബദ്ധതയോടൊപ്പം മാനവരാശിയെ പുരോഗതിയിലേക്ക് നയിക്കുന്ന ചിന്തകളും എഴുത്തുകാർ അവരുടെ രചനകളിൽ കൊണ്ടുവരണമെന്നു അദ്ദേഹം അഭിപ്രായപ്പെടുന്നുണ്ട്. ഇദ്ദേഹത്തിൻെറ നിരൂപണങ്ങളെ നിരൂപണോപന്യാസങ്ങൾ എന്നു വ്യഖ്യാനിക്കാം. (Article Critique) പൂർണ്ണമായി വിമർശനമല്ല. മറിച്ച് നിരൂപണം ചെയ്യപ്പെടുന്ന ക്രുതിയെ അപഗ്രഥിച്ച്, തൻെറതായ കാഴ്ച്ചപ്പാടുകൾ അവതരിപ്പിക്കയാണു ചെയ്യുന്നത്. അതായ്ത് എഴുത്തുകാരൻ എഴുതിയത് ശരിയല്ലെന്നും അതു എപ്രകാരം എഴുതണമെന്നും ഇദ്ദേഹം നിർദ്ദേശിക്കുന്നില്ല. അതേസമയം ക്രുതിയെക്കുറിച്ച് ഒരു സംഗ്രഹം നൽകി വായനക്കാരെ ബോധിപ്പിക്കുകയും അതിൽനിന്നും അദ്ദേഹം കണ്ടെത്തുന്ന വിവരങ്ങൾ അറിയിക്കുകയും ചെയ്യുന്നു.

ഇതിലെ ലേഖനങ്ങൾ വായിക്കുമ്പോൾ നമുക്ക് ഒരു കാലഘട്ടത്തിൻെറ സ്പന്ദനങ്ങൾ കേൾക്കാൻ സാധിക്കും. അമേരിക്കയിലേക്ക് കുടിയേറിയ മലയാളി കുടുംബങ്ങൾക്ക് അവരുടെ മക്കൾ പ്രായമാകുമ്പോൾ അഭിമുഖീക്കരിക്കേണ്ടിവരുന്ന ഒരു പ്രശ്നമാണ് സാംസ്കാരിക വ്യത്യാസങ്ങളോട് പൊരുത്തപ്പെടുക എന്ന സമ്മർദ്ദം. ആർഷഭാരത സംസ്കാരത്തിൽ വിശ്വസിക്കുകയും അവരുടെ തലമുറകൾ അതുതന്നെ അനുഗമിക്കണമെന്നു അനുശാസിക്കുകയും ചെയ്യുന്ന അവർക്ക് അക്കാര്യത്തിൽ മക്കൾക്കുള്ള വിയോജിപ്പ് ഉൾകൊള്ളാൻ പ്രയാസമായിരുന്നു. ഇത്തരം സൂക്ഷ്മമായ വിഷയങ്ങളെ എങ്ങനെ നേരിടണമെന്ന സൂചനകൾ അദ്ദേഹത്തിൻെറ ലേഖനങ്ങളിൽ കാണാവുന്നതാണു. ഒരു ലേഖനത്തിൽ അദ്ദേഹം ഇങ്ങനെ സങ്കടപ്പെടുന്നുണ്ട്. ‘‘ആർഷ സംസ്കാരത്തിൻെറ ബീജമന്ത്രങ്ങൾ മക്കൾക്ക് ചൊല്ലികൊടുക്കുന്നുണ്ടെങ്കിലും അതു അവരുടെ മനസ്സിൽ പതിയാതെ ഊർന്നുപോകുന്നു. ഭാരതീയസംസ്കാരത്തിൻെറ വേരുകൾ അവരിൽ പടരുന്നില്ല.’’ കാലത്തിൻെറ കാൽപ്പാടുകളായി ഭാവിയിൽ അവശേഷിക്കുന്ന അദ്ദേഹത്തിൻെറ ലേഖനങ്ങൾ അന്നത്തെ സമൂഹം ജിജ്ഞാസയോടെ വായിക്കയും ഒരു പക്ഷെ സ്വീകാര്യമായ ഉപദേശങ്ങൾ ഉൾക്കൊള്ളുകയും ചെയ്യുമായിരിക്കും.

അമേരിക്കൻ മലയാളി എഴുത്തുകാരുടെ രചനകളെക്കുറിച്ചുള്ള നിരൂപണങ്ങളാണു രണ്ടാം ഭാഗത്തിൽ. അമേരിക്കൻ മലയാളി എഴുത്തുകാർക്കൊപ്പം ഇവിടത്തെ പ്രസിദ്ധീകരണങ്ങളിൽ എഴുതുന്ന നാട്ടിലേയും മറ്റുരാജ്യങ്ങളിലേയും മലയാളി എഴുത്തുകാരുടെ രചനകളെക്കുറിച്ചും അദ്ദേഹം എഴുതുന്നുണ്ട്. നിരൂപണങ്ങൾ വളരെ വിസ്തരിച്ച് എഴുതുന്ന ഒരു രീതിയാണു അദ്ദേഹം സ്വീകരിക്കുന്നത്. എഴുത്തുകാർക്ക് പ്രോത്സാഹനമാകുംവിധം ക്രുതിക്ക് ഒരു ആസ്വാദനം നൽകുകയും പിന്നീട് തൻേറതായ കാഴ്ച്ചപ്പാടിലൂടെ അതു നോക്കി കാണുകയും ചെയ്യുന്നു. അങ്ങനെ പരിശോധിക്കുമ്പോൽ ലഭിക്കുന്ന അനുമാനങ്ങൾ (Inference) അദ്ദേഹം വിശദീകരിക്കുന്നു, അമേരിക്കൻമലയാള സാഹിത്യത്തിനു ഒരു മേൽവിലാസം ഉണ്ടാക്കാൻ ഇത്തരം രചനകൾ സഹായകമാകും. അമേരിക്കയിലെ പ്രശസ്ത എഴുത്തുകാരെ കുറിച്ച് എഴുതിയിട്ടുള്ള ഈ നിരൂപണങ്ങളിലൂടെ അമേരിക്കൻ മലയാളസാഹിത്യത്തിൻെറ വളർച്ച വായനകാർക്കനുഭവപ്പെടുന്നത്കൊണ്ട് ഈ പുസ്തകം അമേരിക്കൻമലയാളികളുടെ അഭിമാനമാകും. ഈ നിരൂപണങ്ങൾ അമേരിക്കൻ മലയാളസാഹിത്യകാരന്മാരുടെ സർഗ്ഗ ശക്തിയും, വാസനാബലവും വ്യക്തമാക്കുന്നതാണു. ഓരൊ എഴുത്തുകാരുടേയും അഭിരുചിയും, ശൈലിയും, ഭാഷയുമെല്ലാം അദ്ദേഹം അപഗ്രഥിച്ചെഴുതുന്നുണ്ട്. അമേരിക്കൻ മലയാളസാഹിത്യം വളർന്നു പുരോഗമിക്കണമെന്ന അദ്ദേഹത്തിൻെറ ആഗ്രഹപ്രകാരം അമേരിക്കൻമലയാളസാഹിത്യ അക്കാദമി രൂപീകരിക്കാനും അതുവഴി എഴുത്തുകാർക്ക് പ്രോത്സാഹനം കൊടുക്കുന്ന അവാർഡുകൾ നൽകാനും അദ്ദേഹം അമേരിക്കൻമലയാളി എഴുത്തുകാരുടെ സംഘടനാനേത്രുത്വം വഹിക്കുമ്പോൾ ശ്രമിക്കുകയുണ്ടായി. മലയാളഭാഷക്ക് ശ്രേഷ്ടപദവി ലഭിച്ചപ്പോൾ ന്യൂയോർക്കിൽ കൂടിയ സമ്മേളനത്തിൽ ശ്രീ കെ. ജയകുമാർ അദ്ധ്യക്ഷനായപ്പോൾ ശ്രീ പുളിക്കൽ മലയാളഭാഷക്ക് ലഭിച്ച പദവിയിൽ സന്തോഷിക്കുന്നെന്നും ആ പദവി നിലനിർത്താൻ ലോകമെമ്പാടുമുള്ള മലയാളസംഘടനകളെ പ്രത്യേകിച്ച് സാഹിത്യസംഘടനകളെ അംഗീകരിക്കണമെന്നും അഭ്യർത്ഥിക്കുകയുണ്ടായി. മലയാളി എവിടെ പോയാലും അവൻെറ ഭാഷയും സംസ്കാരവും കാത്തുസൂക്ഷിക്കണമെന്ന ആഗഹം അദ്ദേഹത്തിൻെറ ക്രുതികളിൽ പ്രകടമാണ്.

പ്രവാസികളെ പ്രബുദ്ധരാക്കാനും അവരെ ആത്മീയമാ യി ഉദ്ധരിക്കാനും സഹായകമായ വിവരങ്ങൾ അടങ്ങുന്നതാണു ലേഖനങ്ങൾ. സാഹിത്യത്തിനു സമൂഹത്തെ ഉദ്ധരിക്കാനും നേർവഴിക്ക് നയിക്കാനും കഴിയുമെന്നു ശ്രീ വാസുദേവ് പുളിക്കൽ ലേഖനത്തിൽ പറയുന്നുണ്ട്. ലേഖനങ്ങൾ അധികവും മലയാളികളുടെ ജീവിതത്തെ പൊതുവായും അമേരിക്കൻ മലയാളികളെ ഉദ്ദേശിച്ചുകൊണ്ടുമാണ്. അമേരിക്കയിൽ നിന്നും ധാരാളം മലയാളം പ്രസിദ്ധീകരണങ്ങൾ ഇറങ്ങുന്നതുകൊണ്ട് എഴുത്തുകാരും മാധ്യമങ്ങളും തമ്മിൽ ഉണ്ടാകേണ്ട സുഹ്രുത്ബന്ധത്തിൻെറ ആവശ്യകത സുതാര്യമായി പ്രതിപാദിച്ചുകൊണ്ട് എഴുതിയ ലേഖനങ്ങളും അതെക്കുറിച്ച് ഇദ്ദേഹം നടത്തിയ ചർച്ചകളും വളരെ

ശ്രദ്ധേയമാണ്. മാത്രുഭാഷയെ അളവറ്റു സ്നേഹിക്കുന്ന ഒരു മനസ്സിൻെറ ഉടമയാണ് ശ്രീ വാസുദേവെന്നു ഈ പുസ്തകത്തിലെ ഉടനീള രചനകളിൽ പ്രകടമാണ്.

അമേരിക്കൻ മലയാളിസമൂഹത്തിലെ ഇളംതലമുറകൾക്ക് വേണ്ട നിയന്ത്രണവും, മാർഗ്ഗദർശകങ്ങളും നൽകാൻ മാതാപിതാക്കൾ അവരുടെ സാംസ്കാരിക പാരമ്പര്യത്തിൽ വിശ്വസിക്കുന്നവരും അതു പാലിക്കുന്നവരുമാകണമെന്ന അഭിപ്രായമുള്ളയാളാണ് ശ്രീ വാസുദേവ്. സമൂഹം തെറ്റയ വഴിയിലേക്ക് അധഃപതിക്കുമ്പോൾ അവരെ വീണ്ടെടുക്കാൻ സാഹിത്യത്തിനു കഴിയുമെന്ന് അദ്ദേഹം വിശ്വസിക്കുന്നു. ഇദ്ദേഹത്തിൻെറ രചനകളിലൂടെ കടന്നുപോകുമ്പോൾ കലയും സാഹിത്യവും സമൂഹത്തിൻെറ ഉയർച്ചയ്ക്കും അതേസമയം നല്ല ജീവിതം നയിക്കാനും അനുപേക്ഷണയീമാണെന്നു ഇദ്ദേഹം വിശ്വസിക്കുന്നതായി കാണാം.

ശ്രീ വാസുദേവ് പുളിക്കലിൻെറ ഈ പുസ്തകം അമേരിക്കൻ മലയാളികൾക്ക് മാത്രമല്ല ലോകമെമ്പാടുമുള്ള മലയാളികൾക്കും പ്രയോജനകരവും ആസ്വാദകരവുമാകുമെന്നുള്ളത് സംശയാതീതമാണു. ഈ പുസ്തകത്തെ സഹ്രുദയസമക്ഷം അവതരിപ്പിക്കുക എന്ന എൻെറ ദൗത്യം സാഹ്ലാദം ഞാൻ നിർവഹിക്കുന്നു.

**ശുഭം**